## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.166

12-01-2021 - ൽ മറുപടിയ്ക്ക്

## ഫയർ ആന്റ് റസ്ക്യൂ വകുപ്പ് വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഡി.കെ.മുരളി** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫയർ ആന്റ് റസ്ക്യൂ വകുപ്പ് വാമനപുരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസനപദ്ധതികൾ എന്തൊക്കെ യെന്ന് വിശദമാക്കുമോ; | എ) വാമനപുരം നിയോജക മണ്ഡലത്തിൽ വെഞ്ഞാറമൂട് അഗ്നിരക്ഷാനിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി നെല്ലനാട് വില്ലേജിൽ ബ്ലോക്ക് നം.25 ൽ സർവ്വേ നം.100/17/1 ലെ 50 സെന്റ് സ്ഥലം വകുപ്പിന് കൈമാറിക്കിട്ടിയിട്ടുണ്ട്. ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് 2,60,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

വെഞ്ഞാറമൂട് ഫയർ & റെസ്ക്യൂ സ്റ്റേഷനിൽ അനുവദിച്ച വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിവരണം | എണ്ണം |
|---|---|---|
| 1 | ഡിമോളിഷിംഗ് ഹാമർ | 1 |
| 2 | മൾട്ടി ഫങ്ഷൻ പ്രിൻറർ | 1 |
| 3 | ഡെലിവറി ഹോസ്(റബ്ബർ ലൈൻഡ്) | 10 |
| 4 | ബി.എ സെറ്റ് | 2 |
| 5 | കമ്പ്യൂട്ടർ | 1 |
| 6 | ബുള്ളറ്റ് വിത്ത് വാട്ടർ മിസ്റ്റ് | 1 |
| 7 | യു.പി.എസ് | 1 |
| 8 | ഹൈഡ്രോളിക് റെസ്ക്യൂ ടൂൾ | 1 |
| 9 | ഡെലിവറി ഹോസ് - സിന്തറ്റിക് | 8 |

| | | |
|---|---|---|
| 10 | ബിഎ സെറ്റ് | 1 |
| 11 | ചെയിൻ സാ | 2 |
| 12 | മിനി വാട്ടർ മിസ്റ്റ് ടെണ്ടർ (TATA XENON) | 1 |
| 13 | ഗംബൂട്ട് | 17 |
| 14 | ഹെൽമറ്റ് വിത്ത് വൈസർ | 17 |

ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര വീതമെന്ന് അറിയിക്കാമോ;

സി) ഓരോ പദ്ധതിയുമായും ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് നൽകാമോ;

**ബി) & സി)**

കെട്ടിട നിർമ്മാണത്തിനു വേണ്ടി മാത്രമേ പ്രത്യേകമായി ഉത്തരവ് നൽകുകയുള്ളൂ. ആയതിലേയ്ക്കായി 2,60,00,000/- രൂപ 16-10-19ലെ സ.ഉ.(സാധാ) നം.2819/2019/ ആഭ്യന്തരം പ്രകാരം അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് **അനുബന്ധമായി** ചേർക്കുന്നു. വാഹനങ്ങളും ഉപകരണങ്ങളും വകുപ്പിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് വാങ്ങിയ ശേഷം വിവിധ നിലയങ്ങളുടെ ആവശ്യകതയുടെ അടിസ്ഥാനത്തിൽ വകുപ്പ് മേധാവി വിതരണം ചെയ്യുകയാണ് ചെയ്തു വരുന്നത്. ആയതിനായി പ്രത്യേകമായി ഉത്തരവ് പുറപ്പെടുവിക്കാറില്ല. 62,64,034/- രൂപയുടെ വാഹനങ്ങൾ / ഉപകരണങ്ങൾ, യൂണിഫോം ആർട്ടിക്കിൾ എന്നിവ വാമനപുരം നിലയത്തിന് അനുവദിച്ചിട്ടുണ്ട്.

ഡി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

ഡി) ഭരണാനുമതി നൽകിയ തുകയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

File No.HOME-F2/77/2019-HOME

കേരള സർക്കാർ

<u>സംഗ്രഹം</u>

ആഭ്യന്തര വകുപ്പ്- കേരള ഫയർ & റസ്ക്യൂ സർവ്വീസസ്- വാമനപുരം (വെഞ്ഞാറമൂട്) ഫയർ സ്റ്റേഷൻ- കെട്ടിട നിർമ്മാണം- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(എഫ്)വകുപ്പ്**

**സ.ഉ.(സാധാ) നം.2819/2019/ആഭ്യന്തരം** തീയതി,തിരുവനന്തപുരം, 16/10/2019

---

പരാമർശം:- 1 കേരള ഫയർ & റസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന്റെ 01.02.2019, 07.05.2019, 26.07.2019 തീയതികളിലെ എഫ്-5964/2016 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

വാമനപുരം (വെഞ്ഞാറമൂട്) അഗ്നിരക്ഷാ നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് (കെട്ടിടവിഭാഗം) വകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ള 260 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് "4059-60-051-85-അഗ്നിപ്രതിരോധവും നിയന്ത്രണവും " എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് പരാമർശ കത്തുകൾ പ്രകാരം ഫയർ & റസ്ക്യൂ സർവ്വീസസ് ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാമനപുരം (വെഞ്ഞാറമൂട്)ഫയർ സ്റ്റേഷന് കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുള്ള 260 ലക്ഷം രൂപയുടെ (ഇരുന്നൂറ്റി അറുപത് ലക്ഷം രൂപ മാത്രം) എസ്റ്റിമേറ്റ് അംഗീകരിച്ച് "4059-60-051-85-അഗ്നിപ്രതിരോധവും നിയന്ത്രണവും" എന്ന ശീർഷകത്തിൽ നിന്നും പ്രസ്തുത തുക ചെലവഴിച്ച് നിർമ്മാണപ്രവർത്തനം നടത്തുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.വിശ്വാസ് മേത്ത**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്

1) ഡയറക്ടർ ജനറൽ, കേരള ഫയർ & റെസ്ക്യൂ സർവ്വീസസ്, തിരുവനന്തപുരം.

2) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) / (എ&ഇ), കേരളം, തിരുവനന്തപുരം.

3) ധനകാര്യ വകുപ്പ്. (17.09.2019-ലെ വ്യയം-എ2/87/2019-ഫിൻ പ്രകാരം)

4) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ വിംഗ്, ഐ&പി.ആർ.ഡി.

5) സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ